# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1042 — 11.02.16 -ലെ മറുപടിയ്ക്ക്

## എയ്ഡഡ് കോളേജുകൾ

*ചോദ്യം*
**ശ്രീമതി.കെ.കെ.ലതിക**

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;- ഏതൊക്കെ മാനേജ്മെന്റുകൾക്കാണ് കോളേജ് നൽകിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 4 എയ്ഡഡ് കോളജുകൾ അനുവദിച്ചിട്ടുണ്ട്.<br>1. മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി, മലപ്പുറം, വേങ്ങര.<br>2. കെ.പി.എം.എസ്. കുര്യോട്ടുമല, കൊല്ലം<br>3. പി.ആർ.ഡി.എസ്., അമര, ചങ്ങനാശ്ശേരി, കോട്ടയം<br>4. ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം. |
| (ബി) | പ്രസ്തുത കോളേജുകളിലേയ്ക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (ബി) | അനുവദിച്ച 4 എയ്ഡഡ് കോളേജുകളിൽ മലബാർ എഡ്യുക്കേഷൻ സൊസൈറ്റിയ്ക്ക് അനുവദിച്ച മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് 23 അദ്ധ്യാപക തസ്തികകളും 08 അനദ്ധ്യാപക തസ്തികകളും, വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസിന് പ്രിൻസിപ്പാളടക്കം 08 അദ്ധ്യാപക തസ്തികകളും 07 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇങ്ങനെ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി പ്രതിവർഷം എത്ര തുക അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി 1,93,35,774/- രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുനൂറ്റി എഴുപത്തി നാല് രൂപ) പ്രതിവർഷം അധികച്ചെലവ് വരും. |

**സെക്ഷൻ ഓഫീസർ**